

വയനാട് കൊയിലേരി ടൗണിൽ വെള്ളം കയറിയപ്പോൾ



വൈത്തിരി പഞ്ചായത്ത് ബസ് സ്റ്റാൻഡ് കെട്ടിടം കാലവർഷത്തിൽ തകർന്ന നിലയിൽ



**താഴെ വെള്ളം, മുകളിൽ ആകാശം!** *ഇടുക്കി, ഇടമലയാർ ഡാമുകൾ തുറന്നതോടെ വെള്ളത്തിനടിയിലായ ആലുവ മണപ്പുറവും മഹാദേവ ക്ഷേത്രവും. കുതിച്ചെത്തുന്ന വെള്ളത്തിൽ നിന്ന് രക്ഷതേടി സമീപത്തെ മരത്തിൽ അഭയം പ്രാപിച്ച കോഴികൾ ഫോട്ടോ: എൻ.ആർ.സുധർമ്മദാസ്*

# മക്കിമലയിൽ കുടുംബങ്ങളെ ഒഴിപ്പിച്ചു

## ■ ഒഴിപ്പിച്ചത് 117 കുടുംബങ്ങളെ ■ 304 പേർ ദുരിതാശ്വാസ ക്യാമ്പിൽ

മാനന്തവാടി: മക്കിമലയിൽ ഉരുൾപൊട്ടലുണ്ടായ സ്ഥലത്തെ മുഴുവൻ കുടുംബങ്ങളെയും ഒഴിപ്പിച്ചു. വീണ്ടും ഉരുൾപൊട്ടാനുള്ള സാദ്ധ്യത കണക്കിലെടുത്താണിത്. ഉരുൾപൊട്ടിയ സ്ഥലത്ത് ഒന്നര കിലോമീറ്ററോളം വിള്ളൽ രൂപപ്പെട്ടിട്ടുണ്ട്.

ഇന്നലെ മക്കിമല വലിയകുന്നിൽ രണ്ടിടത്ത് മണ്ണിടിച്ചിലുണ്ടായി. പലഭാഗങ്ങളും വിണ്ടുകീറിയ നിലയിലാണ്. ആറാം നമ്പരിൽ ഭൂമി താഴ്ന്നു. 117 കുടുംബങ്ങളെയാണ് ഇവിടെനിന്ന് ഒഴിപ്പിച്ചത്. പുതിയിടം കുസുമഗിരി എൽ.പി സ്കൂളിലേക്കാണ് മാറ്റിപ്പാർപ്പിച്ചത്. 304 പേരാണ് ക്യാമ്പിലുള്ളത്. ഉരുൾപൊട്ടലിൽ മരിച്ച ദമ്പതികളുടെ മൂന്ന് മക്കളും ക്യാമ്പിലുണ്ട്. മക്കിമല പ്രദേശം പൂർണമായും ഒറ്റപ്പെട്ട നിലയിലാണ്. മണ്ണിടിച്ചിലിലും മലവെള്ളപ്പാച്ചിലിലും റോഡുകൾ തടസപ്പെട്ടു.

മക്കിമലയിലേക്കെത്താനുള്ള പ്രധാനപാതയായ തലപ്പുഴ നാൽപ്പത്തിനാൽ കൈതക്കൊല്ലി റോഡിലെ വയനാംപാലത്തിന് സമീപം റോഡ് രണ്ടായി പിളർന്ന് പുഴ ഗതിമാറി ഒഴുകുകയാണ്. പാലവും റോഡും തമ്മിൽ ബന്ധമില്ലാതായി. ഇതിലൂടെയായിരുന്ന ബസ് സർവീസ്. റോഡും പാലവും തകർന്നതോടെ ഗതാഗതം പൂർണമായും സ്തംഭിച്ചു. മക്കിമല ആറാം നമ്പർ റോഡും മണ്ണിടിഞ്ഞ് തടസപ്പെട്ടു. കൈതക്കൊല്ലി കമ്പമല റോഡിലെ പാലത്തിന്റെ അപ്രോച്ച് റോഡ് തകർന്നു. മക്കിമലയുടെ മൂന്ന് കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങൾ മണ്ണിടിച്ചിൽ ഭീഷണിയിലാണ്.

വ്യാഴാഴ്ച രാത്രിയും ഇന്നലെ പകലും പലയിടങ്ങളിലും ചെറിയതോതിൽ മണ്ണിടിഞ്ഞു. വലിയകുന്നിലെ മണ്ണിടിച്ചിലിൽ മലവെള്ളം കുത്തിയൊഴുകി മാനന്തവാടി തലശേരി പാതയിലെ ചുങ്കത്ത് വെള്ളം കയറി. വീടുകളിലേക്കും മറ്റും വെള്ളമെത്തിയത് ആശങ്ക ഉയർത്തി. മരം വീണും മണ്ണിടിഞ്ഞും വൈദ്യുതി പോസ്റ്റുകൾ തകർന്നതിനാൽ പ്രദേശം ഇരുട്ടിലാണ്.

തവിഞ്ഞാൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ റോഡുകളിലെ തടസം നീക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. റവന്യൂ അധികൃതർ പ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്നുണ്ട്. മാറ്റിപ്പാർപ്പിച്ചവർക്ക് ഭക്ഷണവും കമ്പിളിയും ഉൾപ്പെടെയുള്ളവ നൽകുന്നുണ്ട്. മെഡിക്കൽ സംഘം ക്യാമ്പിൽ പരിശോധന നടത്തി.

# റിസോർട്ടിൽ അകപ്പെട്ട ടൂറിസ്റ്റുകളെ രക്ഷിച്ചു

ഇടുക്കി: പള്ളിവാസലിലെ പ്ലം ജൂഡി റിസോർട്ടിൽ കുടുങ്ങിപ്പോയ വിനോദ സഞ്ചാരികളെ സുരക്ഷിതമായി മൂന്നാറിലെ കെ.ടി.ഡി.സി മന്ദിരത്തിൽ എത്തിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത ശക്തമായ മഴയിൽ മലയിടിച്ചിലുണ്ടായി ഗതാഗതം തടസപ്പെട്ടതോടെയാണ് പുറം ലോകവുമായി ബന്ധമില്ലാതെ ഇവർ റിസോർട്ടിൽ അകപ്പെട്ടത്.

കുട്ടികളടക്കം 54 പേരെയാണ് ഇന്നലെ വൈകിട്ട് ഏഴ് മണിയോടെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റിയത്. റഷ്യ, സൗദി അറേബ്യ, സിംഗപ്പൂർ, അമേരിക്ക എന്നീ രാജ്യങ്ങളിൽ നിന്നടക്കമുള്ളവരാണ് റിസോർട്ടിൽ ഉണ്ടായിരുന്നത്. മൂന്ന് ദിവസം മുമ്പാണ് ഇവർ മൂന്നാറിൽ എത്തിയത്. ശക്തമായ മഴയിൽ അറുനൂറു മീറ്ററിലധികം ഭാഗത്ത് മണ്ണിടിഞ്ഞ് ഗതാഗതം പൂർണമായും തടസപ്പെട്ടതോടെ ഇവർ റിസോർട്ടിൽ അകപ്പെടുകയായിരുന്നു.

രാവിലെ മുതൽ സൈന്യവും ഫയർഫോഴ്സും പൊലീസും ചേർന്ന് റിസോർട്ടിലെത്താനുള്ള ഗതാഗതം പുനഃസ്ഥാപിക്കാൻ നടത്തിയ ശ്രമത്തിനൊടുവിലാണ് വൈകിട്ടോടെ മുഴുവൻ ആളുകളെയും പുറത്തെത്തിക്കാൻ സാധിച്ചത്. അഞ്ച് ജെ.സി.ബികൾ ഉപയോഗിച്ച് മണ്ണും പാറയും നീക്കം ചെയ്താണ് രക്ഷാപ്രവർത്തനം നടത്തിയത്. പതിനഞ്ച് സൈനിക ഉദ്യോഗസ്ഥരും പത്ത് ഫയർഫോഴ്സ് ഉദ്യോഗസ്ഥരും പൊലീസും ഉൾപ്പെടെ 30 പേരാണ് രക്ഷാപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചത്.

പ്രകൃതിക്ഷോഭ സാദ്ധ്യത കണക്കിലെടുത്ത് റിസോർട്ട് അടച്ചിടാൻ ദേവികുളം സബ്കളക്ടർ ഉത്തരവിട്ടു.

# മണ്ണിടിഞ്ഞ് വീണ് യുവാവ് മരിച്ചു

അടിമാലി: നടന്നു പോകുന്നതിനിടയിൽ മണ്ണിടിച്ചിലിൽ അകപ്പെട്ട് മരിച്ച യുവാവിന്റെ മൃതദേഹം കണ്ടെത്തി. പണിക്കൻകുടി മനക്കപ്പറമ്പിൽ റിനോ തോമസിന്റെ (28) മൃതദേഹമാണ് ഇന്നലെ ഉച്ചയോടെ കണ്ടെടുത്തത്.

അടിമാലിയിൽ ജോലി ചെയ്തു വന്നിരുന്ന റിനോ എട്ടാംതീയതി വൈകിട്ട് എട്ട് മണിയോടെ പണിക്കൻകുടിയിൽ നിന്നു സാധനങ്ങൾ വാങ്ങി വീട്ടിലേക്ക് നടക്കുന്നത് നാട്ടുകാർ കണ്ടതാണ്. പിന്നീട് റിനോയെ കാണാതാകുകയായിരുന്നു.

റിനോ രാത്രിയിൽ വീട്ടിലെത്താത്തതിനെ തുടർന്ന് ബന്ധുക്കളും നാട്ടുകാരും ചേർന്ന് പലയിടങ്ങളിലും തെരച്ചിൽ നടത്തി. മണ്ണിനടിയിൽ അകപ്പെട്ടിരിക്കാമെന്നോ ജീവൻ പൊലിഞ്ഞിരിക്കാമെന്നോ ആരും കരുതിയിരുന്നില്ല. ഇതിനിടയിലാണ് ഇന്നലെ രാവിലെ റിനോ നടന്നു പോകുന്ന വഴിയിൽ മാണിക്കുന്നേൽ ലാലിയുടെ വീടിന്റെ മുറ്റമിടിഞ്ഞ് റോഡിലേക്ക് വീണു കിടക്കുന്നത് നാട്ടുകാരുടെ ശ്രദ്ധയിൽപ്പെട്ടത്. സമീപത്ത് ഉപേക്ഷിച്ച നിലയിൽ ഒരു കുട കൂടി കണ്ടെത്തിയതോടെ പ്രദേശവാസികൾ അപകടം മണത്തു. സംഭവം പൊലീസിൽ അറിയിക്കുകയും മണ്ണിടിച്ചിലുണ്ടായ ഭാഗത്ത് തെരച്ചിലാരംഭിക്കുകയും ചെയ്തു. ഏറെ നേരത്തെ തെരച്ചിലിനൊടുവിൽ റോഡിനോട് ചേർന്ന് മൈപ്പൻ ജെയിംസിന്റെ പുരയിടത്തിലെ മരത്തിൽ തങ്ങി നിൽക്കുന്ന നിലയിൽ മൃതദേഹം കണ്ടെടുത്തു.

മൃതദേഹം അടിമാലി താലൂക്കാശുപത്രിയിലെത്തിച്ച് പോസ്റ്റ്മോർട്ടം നടത്തിയ ശേഷം ബന്ധുക്കൾക്ക് വിട്ടുനൽകി. തോമസ്, സൂസമ്മ എന്നിവർ മാതാപിതാക്കളും നിഷ സഹോദരിയുമാണ്.



റിനോ തോമസ്



## റോഡുകളുടെ സ്ഥിതി: മന്ത്രിയുടെ വീഡിയോ കോൺഫറൻസിംഗ്

തിരുവനന്തപുരം: കനത്ത കാലവർഷത്തിന്റെ പശ്ചാത്തലത്തിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ സ്ഥിതിഗതികൾ വിലയിരുത്താൻ 14 ജില്ലകളിലെയും പൊതുമരാമത്ത് വകുപ്പ് എൻജിനിയർമാരുമായി മന്ത്രി ജി. സുധാകരൻ വീഡിയോ കോൺഫറൻസിംഗ് നടത്തി.

ഇടുക്കി ജില്ലയിൽ മാത്രം 263 കി.മീ റോഡ് തകർന്നതായിട്ടാണ് റിപ്പോർട്ട്. സംസ്ഥാനത്തെ ദുരന്തബാധിത പ്രദേശത്ത് മുഴുവൻ സമയവും പൊതുമരാമത്ത് വകുപ്പ് എൻജിനിയർമാർ സജ്ജരായിരിക്കും.

ഉരുൾപൊട്ടലുണ്ടായ സ്ഥലങ്ങളിലും അപകടാവസ്ഥ ഉണ്ടാവാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിലും വാഹനങ്ങൾ കടത്തി വിടുന്നതിൽ കളക്ടറുമായി ആലോചിച്ച് തീരുമാനമെടുക്കും.

സംസ്ഥാനത്ത് 15 പാലങ്ങൾ അപകടാവസ്ഥ നേരിടുന്നുണ്ട്. 500 കിലോമീറ്ററോളം റോഡുകളാണ് ഈ മഴയിൽ തകർന്നിട്ടുള്ളത്. കഴിഞ്ഞ മഴയിൽ 3000 കോടിയുടെ നഷ്ടം വിലയിരുത്തിയിരുന്നു.

## ആലുവ മണപ്പുറത്ത് സുരക്ഷ ശക്തമാക്കി

തിരുവനന്തപുരം: ചെറുതോണി ഡാമിലെ ഷട്ടറുകൾ തുറന്നതുമൂലം പെരിയാറിലെ ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ ആലുവ മണപ്പുറത്ത് കർക്കടക വാവുബലിക്ക് സുരക്ഷ ശക്തമാക്കി.

പെരിയാറിന്റെ തീരത്തുള്ള കാലടി ചേലാമറ്റം ക്ഷേത്രത്തിലും മുൻകരുതലുണ്ട്. കോസ്റ്റ് ഗാർഡും ദേശീയ ദുരന്തനിവാരണ സേനയും രംഗത്തുണ്ട്.

ദേശീയ ദുരന്തനിവാരണ സേനയുടെ 37 പേരടങ്ങുന്ന ടീമിനെ ആലുവ മണപ്പുറത്ത് വിന്യസിച്ചു. എല്ലാവിധ അപകട സാദ്ധ്യതകളെയും നേരിടാനുള്ള സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്.

ബാരിക്കേഡുകൾ കെട്ടി ബലി തർപ്പണത്തിനെത്തുന്നവർ പുഴയിലേക്കിറങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.



## ഇടുക്കി അണക്കെട്ട് ജലനിരപ്പ്

**2401.62** അടി
ഇന്നലെ രാത്രി 10 വരെയുള്ള കണക്ക്

**2401** അടി
ഇന്നലെ രാവിലെ അണക്കെട്ടിന്റെ രണ്ട് ഷട്ടറുകൾ കൂടി തുറക്കുമ്പോൾ

**7.5** ലക്ഷം ലിറ്റർ വെള്ളമാണ് മുഴുവൻ ഷട്ടറുകളും തുറന്ന് ഓരോ സെക്കൻഡിലും പുറത്തേക്ക് ഒഴുക്കിയത്. ഇപ്പോഴും അണക്കെട്ടിലെ ജലനിരപ്പിന് കാര്യമായ കുറവുണ്ടായില്ല.

**129.8** മില്ലി മീറ്റർ മഴയാണ് ഇടുക്കിയിൽ ഇന്നലെ പെയ്തത്

# ഉരുൾപൊട്ടൽ: ആറാമത്തെ മൃതദേഹവും കിട്ടി

നിലമ്പൂർ: എരുമമുണ്ട ചെട്ടിയാംപാറയിലുണ്ടായ ഉരുൾപൊട്ടലിൽ മണ്ണിനടിയിൽപ്പെട്ട പറമ്പാടൻ സുബ്രഹ്മണ്യന്റെ (30) മൃതദേഹം കണ്ടെത്തി. സുബ്രഹ്മണ്യന്റെ മാതാവ് പറമ്പാടൻ കുഞ്ഞി(50), ഭാര്യ ഗീത(29), മക്കളായ നവനീത്(9), നിവേദ്(3), കുഞ്ഞിയുടെ സഹോദരീപുത്രൻ മിഥുൻ(16) എന്നിവരുടെ മൃതദേഹം വ്യാഴാഴ്ച കണ്ടെത്തിയിരുന്നു.

ഉരുൾപൊട്ടലിൽ ഒലിച്ചുപോയ വീടിന് 100 മീറ്റർ താഴെ നിന്നാണ് മൃതദേഹം കിട്ടിയത്.

ബുധനാഴ്ച രാത്രി പത്തോടെയാണ് ഉരുൾപൊട്ടലുണ്ടായത്. സുബ്രഹ്മണ്യൻ ഒഴികെയുള്ളവർ തറവാട്ടുവീട്ടിൽ ഉറങ്ങിക്കിടക്കുകയായിരുന്നു. സ്വന്തം വീട്ടിലായിരുന്ന സുബ്രഹ്മണ്യൻ ശബ്ദം കേട്ട് തറവാട്ടിലേക്ക് ഓടിയെത്തിയപ്പോഴാണ് മലവെള്ളപ്പാച്ചിലിൽപെട്ടത്. ഉരുൾപൊട്ടലിൽ സുബ്രഹ്മണ്യന്റെ വീടും തറവാട്‌വീടും വലിയ പെരകൻ, ചെറിയ ചെമ്പൻ എന്നിവരുടെ വീടുകളും പൂർണമായി തകർന്നു.



*പറമ്പാടൻ സുബ്രഹ്മണ്യന്റെ മൃതദേഹം കണ്ടെടുത്തപ്പോൾ. ഇൻസെറ്റിൽ സുബ്രഹ്മണ്യൻ*

## ദുരിതാശ്വാസ നിധിയിൽ സഹായം നൽകണം: സി.പി.എം സംസ്ഥാന കമ്മിറ്റി

തിരുവനന്തപുരം: കാലവർഷക്കെടുതി നേരിടാനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സി.പി.എം പ്രവർത്തകരും പാർട്ടി ഘടകങ്ങളും തൊഴിലാളികളും ജീവനക്കാരും പരമാവധി സഹായം നൽകണമെന്ന് സി.പി.എം സംസ്ഥാന കമ്മിറ്റി അഭ്യർത്ഥിച്ചു. ജനപ്രതിനിധികളും പാർട്ടി അംഗങ്ങളും ദുരിതാശ്വാസപ്രവർത്തനത്തിൽ സജീവമായി ഇടപെടണമെന്ന് സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദി കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയെ വിളിച്ച് സഹായവാഗ്ദാനം അറിയിച്ചു.

## കോഴിക്കോട്ട് റെഡ് അലർട്ട്

കോഴിക്കോട്: കാലവർഷം ശക്തമായി തുടരുന്ന സാഹചര്യത്തിൽ ജില്ലാ കളക്ടർ കോഴിക്കോട് ജില്ലയിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു.

# കുളിക്കാനിറങ്ങിയ യുവാവ് ഒഴുക്കിൽപ്പെട്ട് മരിച്ചു

കല്ലറ: ക്ഷേത്രത്തിൽ വാവുബലിക്കുള്ള ഒരുക്കങ്ങൾ നടത്തി തോട്ടിൽ കുളിക്കാനിറങ്ങിയ യുവാവ് ഒഴുക്കിൽപ്പെട്ട് മരിച്ചു. മുല്ലക്കര കോലിഞ്ചി കുന്നുംപുറത്ത് വീട്ടിൽ അപ്പുക്കുട്ടൻ അമ്പിളി ദമ്പതികളുടെ മകൻ ചന്തു എന്ന അഖിലാണ് (27) മരിച്ചത്. ഇന്നലെ വൈകുന്നേരമായിരുന്നു സംഭവം. പ്ലംബിംഗ് തൊഴിലാളിയായിരുന്നു.

മുല്ലക്കരയിലുള്ള ഒരു ക്ഷേത്രത്തിൽ ബലി തർപ്പണത്തിനുള്ള ഒരുക്കങ്ങൾ നടത്തി ഒപ്പമുണ്ടായിരുന്നവർക്കൊപ്പം സമീപത്തെ തോട്ടിൽ കുളിക്കുന്നതിനിടയിൽ കുത്തൊഴുക്കിൽപ്പെടുകയായിരുന്നു. ഒഴുകിക്കൊണ്ടിരുന്ന അഖിലിനെ പിന്തുടർന്ന് കൂട്ടുകാർ വട്ടത്താമര പാലത്തിനു സമീപം വച്ച് രക്ഷപ്പെടുത്തി ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മൃതദേഹം കടയ്ക്കൽ ഗവ. ആശുപത്രിയിലേക്ക് മാറ്റി. അമൃത സഹോദരിയാണ്.



*മരിച്ച അഖിൽ*



*ഷൗക്കത്തലി*

## മണ്ണിടിച്ചിൽ: ഒരാളുടെ മൃതദേഹം കൂടി കണ്ടെത്തി

കൽപ്പറ്റ: ദേശീയപാത 212ൽ വെള്ളാരം കുന്നിലുണ്ടായ മണ്ണിടിച്ചിലിൽ അകപ്പെട്ട ഒരാളുടെ മൃതദേഹം കൂടി കണ്ടെത്തി. മേപ്പാടി മൂപ്പൈനാട് കടൽമാട് വാറങ്ങോടൻ ഷൗക്കത്തലിയുടെ (33) മൃതദേഹമാണ് കണ്ടെത്തിയത്.

മണ്ണിടിഞ്ഞതിന് സമീപം ആക്രി കച്ചവടം നടത്തിവരികയായിരുന്നു ഷൗക്കത്തലി. കഴിഞ്ഞ ദിവസം ഉച്ചമുതലാണ് കാണാതായത്.

# വെള്ളം കോരുന്നതിനിടയിൽ കാൽ വഴുതി കിണറ്റിൽ വീണ് മരിച്ചു

വെഞ്ഞാറമൂട്: കുളിക്കാൻ വെള്ളം കോരുന്നതിനിടയിൽ കാൽ വഴുതി കിണറ്റിൽ വീണയാൾ മരിച്ചു. ഇന്നലെ രാവിലെ വീട്ടുമുറ്റത്തുള്ള കിണറിൽ നിന്നു വെള്ളം കോരുന്നതിനിടയിലാണ് പിരപ്പൻകോട് സ്റ്റാൻഡിലെ ആട്ടോഡ്രൈവറായ പാലവിള വസന്തത്തിൽ സുരേഷ് കുമാർ (44) മരിച്ചത്.

ഉയരം കുറഞ്ഞ താത്കാലിക സംരക്ഷണ ഭിത്തിയിൽ കാൽവച്ച് വെള്ളം കോരുന്നതിനിടയിൽ കപ്പി കെട്ടിയിരുന്ന കഴ ഒടിഞ്ഞ് സുരേഷ് കുമാർ കിണറ്റിൽ വീഴുകയായിരുന്നു.

ശബ്ദം കേട്ട് ഓടിയെത്തിയ അയൽവാസികൾ കിണറ്റിൽ നിന്ന് കരയിൽ കയറ്റി കന്യാകുളങ്ങര ആശുപത്രിയിൽ എത്തിച്ചപ്പോഴേക്കും മരണം സംഭവിച്ചിരുന്നു. ഭാര്യ: ബിന്ദു, മക്കൾ: സുബിൻ, സുധീഷ്.



*സുരേഷ്*

## ദുരിതാശ്വാസ ക്യാമ്പിലെ കുട്ടികളെ മാറ്റും

തിരുവനന്തപുരം: ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന കുട്ടികളെ, അവരുടെ രക്ഷാകർത്താക്കൾ തയ്യാറാണെങ്കിൽ തൊട്ടടുത്തുള്ള ചിൽഡ്രൻസ് ഹോമിലേക്ക് മാറ്റാൻ നിർദ്ദേശം നൽകിയതായി മന്ത്രി കെ.കെ. ശൈലജ അറിയിച്ചു.

